പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6374 03.04.2018-ന് മറുപടിയ്ക്ക്

വനം കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർല<br>ശ്രീ. കെ.രാജൻ | ശ്രീ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 1-1-1977 ന് മുമ്പ് വനഭൂമി കയ്യേറിയതാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അതിർത്തി നിർണ്ണയം നടന്നു വരുന്നു. അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഇടങ്ങളിൽ ദ്രുത ഗതിയിൽ സർവ്വെ നടത്തി ജണ്ട നിർമ്മിച്ച് വരുന്നു. |
| (ബി) | കേരളത്തിലുടനീളം വനാതിർത്തി നിർണ്ണയിച്ച് വന ഭൂമിയും സ്വകാര്യ ഭൂമിയും ജണ്ട ഇട്ട് വേർതിരിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് വനസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും കയ്യേറ്റങ്ങൾ തടയുന്നതിന്റെയും ഭാഗമായി വനാതിർത്തികൾ സർവ്വേ ചെയ്ത് സ്ഥിരം ജണ്ടകൾ സ്ഥാപിച്ച വരുന്നു.<br>2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204-കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641-കിലോമീറ്ററോളം വനാതിർത്തി സർവ്വെ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 വർഷത്തിൽ 28.02.2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 12258 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥിരം ജണ്ടനിർമ്മാണവും അടുത്ത രണ്ടു വർഷത്തിനുള്ളിൽ മിക്കവാറും പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | 1977 ന് മുമ്പ് കൈവശമുണ്ടായിരുന്നതും എന്നാൽ വനം, റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതുമായ സ്ഥലം എത്രയെന്ന് അറിയിക്കുമോ; | (സി) | 14.12.1999 ലെ ജി.ഒ.(എം.എസ്) 510/99/ആർ ഡി ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താൻ ഇനിയും ഉദ്ദേശം 3750.7634 ഹെക്ടർ സ്ഥലം അവശേഷിക്കുന്നതായി കണ്ടെത്തിയിരുന്നു. ടി സ്ഥലത്തിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റ ഭൂമി നിയമപരമായി ക്രമപ്പെടുത്തുന്നതിന് ഇനിയും അവശേഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വനം വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം 01.01.1977 ന് മുമ്പുള്ള വനം കയ്യേറ്റമായി ഉദ്ദേശം 5667.4545 ഹെക്ടർ ഇനിയും നിയമപരമായി ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ